ഉത്തരം

(എ) ഇ.എസ്.ഐ. ആശുപത്രി, ഡിപ്പാർട്ടുമെന്റിലെ സർവ്വീസ് കാറ്റഗറിയിൽ പി. ജി. സ്പെഷ്യലൈസേഷൻ കഴിഞ്ഞ ഡോക്ടർമാരെ വിവിധ ഇ.എസ്.ഐ. ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് തസ്തികകളിൽ നിയമിക്കുന്നുണ്ട്.

(ബി) ഡിസ്പെൻസറി തലത്തിൽ ഇ.എസ്.ഐ. ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കുന്നതാണ്.

വടകര നാദാപുരം റോഡിലോ, കൈനാട്ടിയിലോ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കാൻ നടപടി

75 [2847] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ആശുപത്രികൾ തുടങ്ങാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയിരത്തി അഞ്ഞൂറോളം സ്ഥിരം തൊഴിലാളികൾ ജോലി ചെയ്യുന്ന ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയിലേയും കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലേയും തൊഴിലാളികളുടെ താൽപ്പര്യം കണക്കിലെടുത്ത് വടകര നാദാപുരം റോഡിലോ കൈനാട്ടിയിലോ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) 50,000 ഇൻ പേഷ്യന്റ് ഫാമിലി യൂണിറ്റുകൾക്ക് 50 കിടക്കകളുള്ള ഒരു ഇ.എസ്.ഐ. ആശുപത്രി എന്ന നിലയിലാണ് ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നത്.

(ബി) പുതുതായി ഒരു ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുവാൻ പര്യാപ്തമായ എണ്ണം തൊഴിലാളികൾ വടകര, നാദാപുരം, കൈനാട്ടി എന്നീ സ്ഥലങ്ങളിൽ ഇല്ല.

കൊട്ടിയത്ത് ഇ.എസ്.ഐ. ലോക്കൽ ആഫീസ് സ്ഥാപിക്കാൻ നടപടി

76 [2848] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഇ.എസ്.ഐ. ലോക്കൽ ആഫീസ് വിഭജിച്ച് ഒരു ഭാഗം കൊട്ടിയം ഇ.എസ്.ഐ. ഡിസ്പൻസറി കോംപൗണ്ടിൽ സ്ഥാപിക്കുവാൻ ഇ.എസ്.ഐ. റീജിയണൽ ബോർഡ് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് ഇ.എസ്.ഐ. കോർപ്പറേഷനാണ് തീരുമാനമെടുക്കേണ്ടത്.

ഇ.എസ്.ഐ. സ്കീം ബാധകമാക്കിയിട്ടില്ലാത്ത പ്രദേശങ്ങൾ

77 [2849] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(ബി) കാരേറ്റ് കേന്ദ്രീകരിച്ച് ഇ.എസ്.ഐ. ഡിസ്പൻസറിയും ലോക്കൽ ആഫീസും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഇ.എസ്.ഐ. പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ അത് നടപ്പിലാക്കാൻ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ഉചിതമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളുന്നതാണ്.

(ബി) കാരേറ്റ് കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇ.എസ്.ഐ. ഡിസ്പൻസറി പ്രവർത്തിക്കുവാനായി കിളിമാനൂരിലുള്ള ഇ.എസ്.ഐ. ഡിസ്പൻസറി കാരേറ്റിലേക്കു മാറ്റുന്ന കാര്യം പരിഗണനയിലാണ്. ലോക്കൽ ആഫീസ് ആരംഭിക്കുന്നതിൽ തീരുമാനമെടുക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ

78 [2850] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly